(എ) ദേശീയപാതാ വികസന പദ്ധതി ഘട്ടം II-ലും III-ലും ഉൾപ്പെട്ടിട്ടുള്ള ദേശീയ പാത 17-ലേയും 47-ലേയും വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ ദേശീയപാത 17-ലെ കുറ്റിപ്പുറം-ഇടപ്പള്ളി ഭാഗവും, ദേശീയപാത 47-ലെ ചേർത്തല-കഴക്കൂട്ടം ഭാഗവും ടി പദ്ധതിയിൽ നിന്നൊഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 24-6-2014-ൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളും ആശങ്കകളും അറിയിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളിൻമേൽ കേന്ദ്ര സർക്കാരിൽനിന്നും ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ദേശീയപാതകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പുനരധിവാസ പാക്കേജ് അനുസരിച്ച് നഷ്ടപരിഹാരം നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. എന്നാൽ അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല.

(സി) കേരളത്തിൽ ദേശീയപാതയുടെ വീതി 45 മീറ്റർ ആയി കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. അതിൽനിന്നും ഒരു മാറ്റം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ആഗ്രഹിക്കുന്നില്ല. എന്നാൽ 30 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായയിടങ്ങളിൽ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നാലുവരിപ്പാത നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. ഈ കാര്യങ്ങൾ സർക്കാർ തലത്തിലും സർവ്വകക്ഷി തലത്തിലും ചർച്ചചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം

27 (*687) ശ്രീ. എം. എ. ബേബി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) അദ്ധ്യാപക നിയമനത്തിനുള്ള റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന ആവശ്യം മാനേജ്മെന്റുകൾ ഉന്നയിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണ് ; ഇത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പഴയ റാങ്ക്‌ലിസ്റ്റിൽനിന്നുതന്നെ പുതുതായി വരുന്ന ഒഴിവുകൾ നികത്തുന്നതിന് മാനേജ്മെന്റുകൾക്ക് അനുമതി നൽകുന്നതിന് തീരുമാനമുണ്ടോ ; ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രകാരം എയ്ഡഡ് കോളേജുകളിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള (രണ്ടുവീതമെങ്കിലും) ദിനപ്പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും കുറഞ്ഞത് ഒരു മാസമെങ്കിലും (30 ദിവസം) അതിലേക്ക് അപേക്ഷിക്കാനുള്ള സമയം നൽകേണ്ടതുമാണ്. അതിനുശേഷം ഗവൺമെന്റ് പ്രതിനിധി, യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബന്ധപ്പെട്ട വിഷയത്തിൽ പ്രാവീണ്യം നേടിയവർ എന്നിവർ ഉൾപ്പെട്ട സെലക്ഷൻകമ്മിറ്റി ഇന്റർവ്യൂ നടത്തി ടി ഒഴിവുകളിലേക്ക് റാങ്ക്‌ലിസ്റ്റ് തയ്യാറാക്കുകയും അതിൽനിന്നും മുൻഗണനാക്രമത്തിൽ മാനേജ്മെന്റ് നിയമനം നടത്തുകയും ചെയ്യുന്നു. ഉദ്യോഗാർത്ഥികൾക്ക് മതിയായ യോഗ്യതയും, ശരിയായ ഒഴിവാണെന്നും മതിയായ ജോലിഭാരവും ഉണ്ടെന്ന് പരിശോധിച്ചുറപ്പാക്കിയശേഷം ഇത്തരം നിയമനങ്ങൾക്ക് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയും ഗവൺമെന്റും അംഗീകാരം നൽകുകയും ചെയ്യുന്നു.

(ബി) സർക്കാരിൽ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ 28-2-2014 തീയതിയിലെ ജി. ഒ. (ആർ‌ടി.) നം. 423/14/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചില നിബന്ധനകൾ പുറപ്പെടുവിച്ചുവെങ്കിലും ആയത് 26-6-2014-ലെ ജി.ഒ(ആർ‌ടി.) നം.1368/2014/ഉ.വി.വ. പ്രകാരം റദ്ദാക്കിയിരുന്നു. നിലവിലുള്ള സ്ഥിതി തുടർന്നുകൊണ്ട് 27-6-2014-ലെ ജി.ഒ(ആർ‌ടി.)നം. 1396/2014/ഉ.വി.വ പ്രകാരം ഭേദഗതി വരുത്തിയ ഉത്തരവ് പുപ്പെടുവിച്ചിട്ടുണ്ട്.

(സി) 27-6-2014-ലെ ജി.ഒ.(ആർ‌ടി.) നം.1396/2014/ഉ.വി.വ. പ്രകാരം നിലവിലുള്ള സ്ഥിതി തുടർന്നുകൊണ്ട് ഉന്നത വിദ്യാഭ്യാസവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കയർ തൊഴിലാളികളുടെ കൂലി

28 (*888) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly